കേരളസർവകലാശാല

നം.പി.ആർ.213/2020

ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാംവർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020 ഒന്നാം ഘട്ട അലോട്ട്മെന്റ് നവംബർ 3 ന്

കേരളസർവകലാശാലയുടെ 2020 – 21 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നവംബർ 3 ന് പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) നവംബർ 5 ന് വൈകുന്നേരം 5 മണിക്കകം ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപ്പറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട് ഘട്ടം അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ നവംബർ 5 ന് വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്.സി. സി.ബി.സി.എസ് (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷന് ഇംപ്രൂവ്മെന്റ്, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പോളിമർ കെമിസ്ട്രി, മൈക്രോബയോളജി എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം നവംബർ 5, 9 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ (വൊക്കേഷൻ – മൈക്രോബയോളജി) നവംബർ 5 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക്, വീണ, വയലിൻ, മൃദംഗം, എം.എ. ഡാൻസ് (കേരള നടനം) എന്നീ കോഴ്സുകളുടെ പ്രാക്ടിക്കൽ നവംബർ 23 മുതൽ അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2020 നവംബറിൽ നടത്തുന്ന ഒന്നും രണ്ടും വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ഡിസംബർ 7 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കാം. പിഴ കൂടാതെ നവംബർ 6 വരെയും 150 രൂപ പിഴയോടെ നവംബർ 11 വരെയും 400 രൂപ പിഴയോടെ നവംബർ 13 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2020 ജൂണിൽ നടത്തിയ എം.എസ്.സി. കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ് (2018–2020) (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ക്ലീൻ ക്യാമ്പസ് പരിപാടിക്ക് തുടക്കംകുറിച്ചു

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ക്ലീൻ ക്യാമ്പസ് പരിപാടിക്ക് തുടക്കം. ക്യാമ്പസിൽ നടന്ന പരിപാടി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻ പിള്ള ഉദ്ഘാടനം ചെയ്തു. ക്ലീൻ ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വകുപ്പുകളിലും പൂന്തോട്ടങ്ങളും അനുബന്ധ സ്ഥലങ്ങളിൽ പച്ചക്കറിത്തോട്ടങ്ങളും നിർമ്മിക്കാൻ അതത് വകുപ്പ് മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ക്ലീൻ ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് വൈസ് ചാൻസലർ, പ്രോ–വൈസ് ചാൻസലർ, സിൻഡിക്കേറ്റംഗങ്ങൾ, രജിസ്ട്രാർ, ഐ.ക്യു.എ.സി.ഡയറക്ടർ, ക്യാമ്പസ് ഡയറക്ടർ എന്നിവർ നേതൃത്വം നൽകി. അദ്ധ്യാപകർ, ജീവനക്കാർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടിയിൽ പങ്കെടുക്കും.

(കുറിപ്പ്: ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**

02.11.2020

**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**